ഉത്തരം

സുകുമാരക്കുറുപ്പ് ഒളിവിലാണ്. പിടികിട്ടാപുള്ളിയായി പ്രഖ്യാപിച്ച് കണ്ടുപിടിക്കാനുള്ള രഹസ്യാന്വേഷണം തുടരുന്നു. അന്വേഷണത്തിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവാഹമില്ല.

സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം എടുത്ത കേസ്സുകൾ

170. [237] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സാമ്പത്തിക കുറ്റാന്വേഷണ വകുപ്പ് 1985-86, 1986-87 വർഷങ്ങളിൽ ആകെ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ;

(ബി) ഇതിൽ സിമന്റ് കേസ്സുകൾ എത്ര ;

(സി) മായം ചേർത്ത സിമന്റ് പിടിച്ചത് പരിശോധനയ്ക്കയച്ചിട്ട് റിപ്പോർട്ടുകൾ കിട്ടാത്തതുമൂലം എത്ര കേസ്സുകൾ ചാർജ് ചെയ്യാതെയുണ്ട് ;

(ഡി) പരിശോധനാ റിപ്പോർട്ടുകൾ ഒരാഴ്ചക്കുള്ളിലോ അല്ലെങ്കിൽ വേഗത്തിലോ കിട്ടുന്നതിന് എന്ത് നടപടിയാണ് എടുക്കാനുദ്ദേശിക്കുന്നത് ;

(ഇ) മായം ചേർത്ത കേസ് വാദിക്കാനുള്ള കോടതി തൃശ്ശൂരിൽ മാത്രമുള്ളതിനാൽ കക്ഷികൾക്ക് വളരെയധികം കഷ്ടപ്പാട് വരുന്നതിനാൽ കോടതിയുടെ സിറ്റിംഗ് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടികളെടുക്കുമോ ?

ഉത്തരം

(എ) 1985-86-ൽ 14 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി) അഞ്ച്.

(സി) രണ്ട്.

(ഡി) കഴിയുന്നത്ര വേഗത്തിൽ പരിശോധന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) ഈ നിർദ്ദേശം പരിശോധിക്കാം.

ബലാൽസംഗ കേസ്സുകൾ

171. [238] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
ശ്രീമതി പി. വേലായുധി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ബലാൽസംഗ കേസ്സുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇവയിൽ എത്ര ഹരിജന സ്ത്രീകളെ ബലാൽസംഗം ചെയ്ത സംഭവങ്ങൾ നടന്നു ;

(സി) ബലാൽസംഗ കേസ്സുമായി ബന്ധപ്പെട്ട് ഇതിനകം എത്ര പേരെ അറസ്റ്റു ചെയ്തു ; എത്രപേരെ ശിക്ഷിച്ചു ?

ഉത്തരം

(എ) 24-5-1982 മുതൽ 23-8-1985 വരെ 357 ബലാൽസംഗ കേസ്സുകൾ ഉണ്ടായിട്ടുണ്ട്. ബാക്കികാലത്തെ വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly